**പതിനാലാം കേരള നിയമസഭ**
**10-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4321** **21.03.2018-ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിലെ അന്തരീക്ഷ താപനില വർധന

ചോദ്യം
ശ്രീ.പി. ഉണ്ണി :

മറുപടി
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) പാലക്കാട് ജില്ലയിൽ അന്തരീക്ഷ താപനില ക്രമാതീതമായും അനിയന്ത്രിതമായും വർദ്ധിച്ച വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അന്തരീക്ഷ താപനില വല്ലാതെ ഉയരുന്നതിനാൽ ഉണ്ടാവാൻ സാധ്യതയുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) സൂര്യാഘാതത്തിനുള്ള സാധ്യത മുൻനിർത്തി വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2018 ഫെബ്രുവരി 22 മുതൽ ഏപ്രിൽ 30 വരെ പുന:ക്രമീകരിച്ച് കൊണ്ട് 21.02.2018 തീയതിലെ ഇ.എൻ.എഫ്(2) /2216/2018 നം. പ്രകാരം ലേബർ കമ്മീഷണർ ഉത്തരവായിട്ടുണ്ട്. അപ്രകാരം പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12.00 മണി മുതൽ 3.00 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണി വരെയുള്ള സമയത്തിനുള്ളിൽ 8 മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവുമായി ബന്ധപ്പെട്ട് എല്ലാ പത്രമാധ്യമങ്ങളിലും അറിയിപ്പ് |

നൽകിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വഴിയും തൊഴിലുടമകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ടി ഉത്തരവ് പാലിക്കുന്നത് സംബന്ധിച്ച് ലേബർ വകുപ്പ് സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. കൂടാതെ ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തുകളുടെയും റവന്യൂ വകുപ്പിന്റെയും സഹകരണത്തോടു കൂടി വാട്ടർ കിയോസ്കുകളിൽ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നുണ്ട്.

(സി) അത്തരം ദുരന്ത സാധ്യതകൾ മുൻകൂട്ടി മനസിലാക്കുന്നതിനും ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നിർദേശങ്ങൾ ജില്ലാ ഭരണകൂടത്തിന് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിനായി പാലക്കാട് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

(സി) തൊഴിൽ സമയം പുനഃക്രമീകരിച്ച് കൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടി ഉത്തരവിലൂടെ ലേബർ കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയ്ക്ക് 2017-18 വർഷത്തിൽ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും വരൾച്ചയിലെ കൃഷിനാശത്തിന്റെ നഷ്ടപരിഹാരത്തിനായി 19,34,54,892/-രൂപയും കുടിവെള്ള വിതരണത്തിനായി 4 കോടി രൂപയും മൃഗസംരക്ഷണത്തിന് ഒരു കോടി രൂപയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ